KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.87/PR/PIC/PHQ/17 Date : 24.04.2017

## ജനപക്ഷത്തുനിന്നുള്ള നീതിനിര്‍വഹണമാണ് സര്‍ക്കാര്‍ നയം: മുഖ്യമന്ത്രി

നീതി നിര്‍വഹണത്തില്‍ ജനങ്ങളുടെ പക്ഷത്ത് നില്‍ക്കുകയെന്നതാണ് സര്‍ക്കാരിന്റെ പൊലീസ് നയമെന്ന് മുഖ്യമന്ത്രി പിണറായി വിജയന്‍ വ്യക്തമാക്കി. വടക്കന്‍ മേഖലയിലെ പൊലീസ് ഉദ്യോഗസ്ഥരുടെ യോഗത്തില്‍ സംസാരിക്കുകയായിരുന്നു അദ്ദേഹം. പക്ഷപാതമില്ലാതെയും പ്രലോഭനങ്ങള്‍ക്ക് വഴങ്ങാതെയും പൊലീസ് പ്രവര്‍ത്തിക്കണം. പക്ഷപാത രഹിതമായി പ്രവര്‍ത്തിക്കാന്‍ പൊലീസ് ആരേയും ഭയക്കേണ്ടതില്ല. വ്യക്തികള്‍, ഗ്രൂപ്പുകള്‍, സാമുദായിക-രാഷ്ട്രീയ വിഭാഗങ്ങള്‍ തുടങ്ങി ആരുടെയും ഒരു സ്വാധീനത്തിനും വഴിപ്പെടരുത്. കുറ്റകൃത്യങ്ങളോട് കര്‍ക്കശ സമീപനം വേണം. കുറ്റവാളികളോട് സൗമനസ്യം കാണിക്കേണ്ടതില്ല. എന്നാല്‍ സ്റ്റേഷനില്‍ പരാതിയും നിവേദനവുമായി എത്തുന്ന സാധാരണ ജനങ്ങളോട് മാന്യമായി മാത്രമേ പെരുമാറാവൂ. അക്കാര്യത്തില്‍ അങ്ങേയറ്റം ശ്രദ്ധയുണ്ടാകണം. നീതിയാണ് പൊലീസില്‍ നിന്ന് സമൂഹം പ്രതീക്ഷിക്കുന്നത്. നിഷ്പക്ഷമായ നീതിനിര്‍വഹണത്തിന് പരാതികളില്‍ കൃത്യമായ ഇടപെടലാണ് ഉണ്ടാവേണ്ടത്. ഈ സമീപനം സ്വീകരിച്ച് പ്രവര്‍ത്തിച്ചാല്‍ ലഭിക്കേണ്ട അംഗീകാരം സ്വാഭാവികമായും പൊലീസിന് ലഭിക്കുക തന്നെചെയ്യും.

ജിഷകേസ് ഉള്‍പ്പെടെ നിരവധി കേസുകളില്‍ മികച്ച രീതിയില്‍ അന്വേഷണം നടത്തി പ്രതികളെ കണ്ടെത്താന്‍ പൊലീസിന് കഴിഞ്ഞിട്ടുണ്ട്. സ്തുത്യര്‍ഹമായ പ്രവര്‍ത്തനങ്ങളായിരുന്നു ഇവ. നല്ല പ്രശംസ ലഭിക്കേണ്ട പ്രവൃത്തിയാണ് പൊലീസ് ചെയ്തത്. എന്നാല്‍ പ്രശംസക്ക് പകരം ശക്തമായ അധിക്ഷേപമാണ് കേള്‍ക്കേണ്ടി വന്നത്. പൊലീസിലെ തന്നെ ഒറ്റപ്പെട്ട ചിലര്‍ നടത്തുന്ന പ്രവര്‍ത്തനങ്ങളാണ് ഇത്തരം വലിയ വിമര്‍ശനങ്ങള്‍ക്ക് ഇടയാക്കുന്നത്. ഇത് ഒഴിവാക്കണം.

ക്രമസമാധാന പ്രശ്നങ്ങള്‍, സ്ത്രീകള്‍ക്കെതിരെയുള്ള അതിക്രമങ്ങള്‍, മയക്കുമരുന്ന്, വ്യാജമദ്യം, സൈബര്‍ കുറ്റകൃത്യങ്ങള്‍, ഗുണ്ടാസംഘങ്ങളുടെ പ്രവര്‍ത്തനം തുടങ്ങിയ കാര്യങ്ങള്‍ നേരിടാന്‍ ശക്തമായ നടപടികള്‍ കൈക്കൊള്ളണം. സ്ത്രീകള്‍ക്കും കുട്ടികള്‍ക്കുമെതിരെ കുറ്റകൃത്യങ്ങള്‍ വര്‍ധിച്ചുവരുന്ന സാഹചര്യമാണ്. പ്രായം ചെന്നവര്‍ക്കെതിരെയും അതിക്രമങ്ങള്‍ ഉണ്ടാകുന്നു. ഇവരുടെ സംരക്ഷണം പൊലീസിന്റെ ബാധ്യതയാണ്

സ്റ്റേഷന് അകത്തും പുറത്തും മൂന്നാം മുറ അനുവദിക്കില്ല. കസ്റ്റഡി മരണം സഹിക്കാന്‍ കഴിയുന്ന

കാര്യമല്ല. അങ്ങനെയുണ്ടായാൽ ഉത്തരവാദികൾക്ക് എതിരെ ശക്തമായി നീങ്ങേണ്ടി വരും. മദ്യപൻമാരെയും മറ്റും രാത്രിയിൽ ലോക്കപ്പിൽ സൂക്ഷിക്കുന്നത് പരമാവധി ഒഴിവാക്കണം.

ഒരു ക്രൈംകേസും രജിസ്റ്റർ ചെയ്യാതെ പോകരുത്. കുട്ടികളെ കാണാതാകുന്ന കേസുകളിൽ പ്രത്യേക ശ്രദ്ധയും നിരീക്ഷണവും വേണം. ഇത്തരം സംഭവങ്ങളിൽ പരാതിക്കാർക്ക് സഹായകമായ നില പെരുമാറ്റത്തിൽ തന്നെ ഉണ്ടാകണം. സംസ്ഥാന തലത്തിൽ ഇതിനായി പ്രത്യേക സംഘത്തെ നിയോഗിക്കാൻ ആലോചിക്കുന്നുണ്ട്.

ക്രിമിനലുകളോട് ഒരു തരത്തിലുള്ള സൗഹൃദവും വേണ്ട. നിയമക്രമപാലനം സംബന്ധിച്ച ഏതെങ്കിലും പരാതി വന്നാൽ സമയബന്ധിതമായി തീർക്കാൻ കഴിയണം. ഇത്തരം കേസുകളിൽ വീഴ്ച വന്നാൽ പ്രദേശത്ത് ക്രമസമാധാന പ്രശ്നത്തിനും കുറ്റകൃത്യങ്ങൾക്കും ഇത് വഴിവെക്കും.

ചിലയിടങ്ങളിൽ വർഗീയ സംഘർഷത്തിനും സാമുദായിക പ്രശ്നങ്ങളുണ്ടാക്കാനും ശ്രമങ്ങളുണ്ടാകുന്നുണ്ട്. ശക്തമായ നടപടികൾക്കൊപ്പം സൂക്ഷ്മമായ നിരീക്ഷണവും ഇത്തരം സാഹചര്യങ്ങളിലുണ്ടാകണം. സാമുദായികമോ വർഗീയമോ ആയ ഒരു ചായ്‌വും പൊലീസിന് ഉണ്ടാകരുത്. രാഷ്ട്രീയ സംഘർഷങ്ങളിലും നിഷ്പക്ഷമായ നടപടി സ്വീകരിക്കണം. കാലതാമസമില്ലാതെ നടപടിയുണ്ടാകുകയെന്നതും പ്രധാനമാണ്. ഒരു തരത്തിലുള്ള അഴിമതിയും വച്ചുപൊറുപ്പിക്കില്ല. സേനയിൽ ഒരു തരത്തിലുള്ള ഭിന്നതയും ഉണ്ടാവാൻ പാടില്ലാത്തതാണ്. നല്ലനിലയിൽ അച്ചടക്കം പാലിച്ചേപറ്റൂ. രാഷ്ട്രീയ കേസുകളിൽ കാപ്പ ഉപയോഗിക്കരുതെന്നാണ് സർകാർ നയം. ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ മാത്രം ഉപയോഗിക്കാനുള്ളതാണ് യുഎപിഎ നിയമം. ഇതിന്റെ ദുരുപയോഗം ഉണ്ടാവാൻ പാടില്ല. കേരള പൊലീസ് എന്നും മതനിരപേക്ഷതക്കൊപ്പം നിൽക്കുന്നതാണ്. ഒരു വിഭാഗത്തോടും നമുക്ക് വിരുദ്ധമനോഭാവമില്ല. മുൻവിധിയോടെ പ്രതികളെ കണ്ടെത്തുന്ന നില ഉണ്ടായിക്കൂട. കൃത്യമായി അന്വേഷിച്ച് കുറ്റവാളികളെ കണ്ടെത്തുകയാണ് വേണ്ടതെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

തിരക്കേറിയ പട്ടണങ്ങളിലും മറ്റും പൊലീസിന്റെ സാന്നിധ്യമുണ്ടാകണം. വാഹനങ്ങളെ നിരീക്ഷിക്കുന്നതിനും ശ്രദ്ധിക്കണം. ജനങ്ങളിൽ സുരക്ഷിത ബോധമുണ്ടാക്കാൻ ഇത് സഹായകമാകും. ജനമൈത്രി പൊലീസ് എല്ലാ സ്റ്റേഷനിലും നടപ്പിലാക്കും. കഴിയുന്നത്ര ആളുകളുമായി ബന്ധമുണ്ടാക്കുകയും വീടുകൾ സന്ദർശിക്കുകയും ചെയ്യണം. വനിത പൊലീസ് ആഴ്ചയിൽ ഒരു ദിവസം പഞ്ചായത്തുകളിലെത്തി സ്ത്രീകളിൽ നിന്ന് നേരിട്ട് പരാതി കേൾക്കുന്ന സാഹചര്യം ഉണ്ടാക്കണം. റാങ്ക് ഏതെന്ന് നോക്കാതെ നല്ല കാര്യം ചെയ്താൽ അംഗീകരിക്കാനും പാരിതോഷികം നൽകാനും തീരുമാനിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

കണ്ണൂർ, കാസർകോട്, വയനാട് ജില്ലകളിലെ സ്റ്റേഷൻഹൗസ് ഓഫീസർമാർ മുതൽ ഐജിവരെയുള്ള ഉദ്യോഗസ്ഥർമാരാണ് കണ്ണൂരിലെ യോഗത്തിൽ പങ്കെടുത്തത്. സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ, മുഖ്യമന്ത്രിയുടെ പൊലീസ് ഉപദേഷ്ടാവ് രമൺ ശ്രീവാസ്തവ, ഇന്റലിജന്റ് ഡിജിപി മുഹമ്മദ് യാസിൻ, ഉത്തരമേഖല ഡിജിപി രാജേഷ് ദിവാൻ, കണ്ണൂർ റേഞ്ച് ഐജി മഹിപാൽ യാദവ് തുടങ്ങിയവർ സംബന്ധിച്ചു.